സ്വകാര്യ നഴ്സിംഗ് മേഖലയിൽ തൊഴിൽ സുരക്ഷിതത്വം

284 (973) ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ നഴ്സിംഗ് മേഖലയിൽ തൊഴിൽ സുരക്ഷിതത്വത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും ബാങ്കുവഴി നൽകുന്നതിനുമുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ് ഓഫ് വേജസ്) സംസ്ഥാനത്ത് 25-8-2015-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭിക്കുന്നതിനും നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും തൊഴിലാളികൾക്ക് വേജ് സ്ലിപ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. കൂടാതെ തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈനായിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും.

(സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1958-ലെ മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം സർക്കാരിന്റെ 8-7-2015-ലെ സ.ഉ.(അച്ചടി) നമ്പർ 84/2015/തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് പ്രസ്തുത പദ്ധതിക്കായി ഒരു സോഫ്റ്റ്വെയർ വികസിപ്പിക്കുകയും ആയത് നടപ്പാക്കുന്നതിനായി നാഷണലൈസ്ഡ്, ഷെഡ്യൂൾഡ് ബാങ്കുകൾ, സ്വകാര്യ തൊഴിലുടമാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും 16 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly